(ബി) നഗരവികസന സമിതി രൂപംനൽകിയിട്ടുള്ള 18 പദ്ധതികളിൽ, പാളയം പ്രദേശവികസന പദ്ധതി, മെഡിക്കൽകോളേജ് വികസനപദ്ധതി, വെള്ളാർ പ്രദേശ വികസനപദ്ധതി, കോവളം, വിഴിഞ്ഞം പ്രദേശവികസനപദ്ധതി, ഈസ്റ്റ്ഫോർട്ട്, പഴവങ്ങാടി പ്രദേശ വികസന പദ്ധതി എന്നിവയ്ക്കു ഗവൺമെൻറ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ചാല പ്രദേശ വികസനപദ്ധതി, വികാസ്ഭവനുചുറ്റുമുള്ള പ്രദേശ വികസനപദ്ധതി, മഹാത്മാഗാന്ധി റോഡിനുവേണ്ടിയുള്ള വികസനപദ്ധതി എന്നിവയാണ് പരിഗണനയിൽ ഇരിക്കുന്ന പദ്ധതികൾ.

(സി) പറയത്തക്ക കാലതാമസം ഉണ്ടായിരിക്കുകയില്ല.

(ഡി) ഇപ്രകാരം ഒരു നിർദ്ദേശം നൽകേണ്ട ആവശ്യം നിലവിലില്ല.

നാറാണംമൂഴി പഞ്ചായത്ത് രൂപീകരണം

919 [1455] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തിക്കയം ആസ്ഥാനമാക്കി നാറാണംമൂഴി പഞ്ചായത്ത് രൂപീകരിക്കണമെന്ന് ഗവൺമെൻറിനു നിവേദനം വല്ലതും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം അതിൻമേൽ എന്തുനടപടി സ്വീകരിച്ചു;

(സി) തദ്ദേശവാസികളുടെ ഈ ആവശ്യം അംഗീകരിച്ച് എത്രയുംവേഗം നാറാണംമൂഴി പഞ്ചായത്ത് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

റൂറൽ വാട്ടർ സപ്ലൈ സ്കീം

920 [1456] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാതിരിക്കുവാൻ പ്രത്യേക കാരണം എന്തെങ്കിലുമുണ്ടോ;

(ബി) പഞ്ചായത്ത് വിഹിതത്തിൽ 19,000 രൂപ 1975-ൽ കെട്ടിവച്ച സ്ഥിതിക്ക് ഈ പണിക്ക് മുൻഗണന കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇനിയുമെങ്കിലും വൈകാതെ പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly